റവന്യൂകമ്മിയും ധനകമ്മിയും കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ

31 [2640] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആക്ട് പ്രകാരം റവന്യൂ കമ്മിയും ധനകമ്മിയും കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആക്ട് പ്രകാരം റവന്യൂ കമ്മിയും ധനകമ്മിയും കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ താഴെ പറയുന്നവയാണ്:

1. ഡബ്ബ്റ്റ് സ്വാപ്പ് സ്കീം പ്രകാരം ഉയർന്ന പലിശ നിരക്കിൽ എടുത്ത വായ്പകൾ കുറഞ്ഞ നിരക്കിൽ പലിശയുള്ള വായ്പകളായി മാറ്റിക്കൊണ്ടിരിക്കുന്നു.

2. ഒരു സാമ്പത്തിക വർഷത്തിലെ ഉപധനാഭ്യർത്ഥനകളുടെ എണ്ണം പരമാവധി രണ്ടായി ചുരുക്കിയിട്ടുണ്ട്.

3. സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ അധികാര സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി ബോർഡുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്കുവേണ്ടി കൊടുത്തിട്ടുള്ള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധിക്കു സംസ്ഥാനത്തിന്റെ സാമ്പത്തിക അച്ചടക്കം രേഖപ്പെടുത്തുന്നതിനുവേണ്ടി 'കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധി ആക്ട് 2003' നടപ്പാക്കിയിട്ടുണ്ട്.

4. മൂല്യവർദ്ധിത നികുതി സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

5. കഴിഞ്ഞ പദ്ധതി കാലങ്ങളിൽ പദ്ധതി നിർവ്വഹണത്തിനായി അനുവദിച്ച തസ്തികകൾ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ തുടരുന്നതിനും അല്ലാത്തവ പുനർവിന്യസിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

നബാർഡ് ഫണ്ട് വനം വകുപ്പിന് ലഭ്യമാക്കാൻ അനുമതി

32 [2641] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിലെ വികസന പ്രവർത്തനങ്ങൾക്ക് ഇതിനുമുമ്പ് നബാർഡ് ധനസഹായം നൽകിയിട്ടുണ്ടോ;

(ബി) എന്തുകൊണ്ടാണ് ധനസഹായം ലഭ്യമാക്കാൻ ധനകാര്യ വകുപ്പ് അനുമതി നൽകാത്തത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി) വനംവകുപ്പിനു നബാർഡിന്റെ ആർ. ഐ. ഡി. എഫ്. VIII-ൽ ഉൾപ്പെടുത്തി 10 കോടി രൂപയ്ക്കും ആർ. ഐ. ഡി. എഫ്. X-ൽ ഉൾപ്പെടുത്തി 25 കോടി രൂപയ്ക്കും ധനസഹായം ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ നബാർഡിന്റെ പരിഗണനയ്ക്കായി അയയ്ക്കുന്നതിന് ധനകാര്യവകുപ്പ് അനുമതി നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly